## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1368 — 03.12.2015-ൽ മറുപടിയ്ക്ക്

## സ്പീഡ് കേരള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹീദ്<br>,, ലൂഡി ലൂയിസ്<br>,, എം.പി.വിൻസെന്റ്<br>,, വി.പി.സജീന്ദ്രൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | **(എ) & (ബി) :**<br>സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിൽ 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് അവയിൽ 10 പദ്ധതികൾക്ക് 22.02.2014-ലെ സ.ഉ. (കൈ) നം. 18/14/പൊ.മ.വ. സർക്കാർ ഉത്തരവുപ്രകാരം സ്പീഡ് കേരള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദ മാക്കുമോ ? | (സി) 22.02.2014-ലെ ടി സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ ഉൾപ്പെട്ട രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ്, കോഴിക്കോട് ദേശീയപാത ബൈപ്പാസ്, പാലാരിവട്ടം ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ